## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3855. 27.06. 2012-ൽ മറുപടിയ്ക്ക്**

## പരാതി രഹിത ചികിത്സാ സൗകര്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. എ. മാധവൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | പരാതിരഹിത ചികിത്സാ സൗകര്യം ഒരുക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് പറയാമോ; | (എ) | പൊതുജനങ്ങൾക്ക് പരമാവധി ചികിത്സാ സൗകര്യം സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ നൽകി വരുന്ന സേവനങ്ങൾ കൂടുതൽ ഗുണമേന്മയുള്ളതാക്കാൻ കാലാകാലങ്ങളിൽ നടപടികൾ എടുത്തു കൊണ്ടിരിക്കുന്നു. ഇതിന്റെ ഭാഗമായി ആശുപത്രികളുടെ ഭൗതിക സൗകര്യവും രോഗനിർണ്ണയ സൗകര്യങ്ങളും വർദ്ധിപ്പിയ്ക്കുന്നതിലേക്കായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ വികസന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. |
| (ബി) | എങ്കിൽ ഇതിനായി ഒരു പ്രത്യേക പദ്ധതിയ്ക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊള്ളാനുദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ? | (സി) | ഉത്തരം 'ബി' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

B.V. Kumar
സെക്ഷൻ ഓഫീസർ